# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ആല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP/P.5/1153/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.5/1153/2023 തീയ്യതി: 07/11/2023

## ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 23-08-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 23-08-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ
ശ്രീമതി.സുഷ.ടി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.മനേഷ് കുമാർ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.സുനിൽ കുമാർ.ജി, അസിസ്റ്റൻറ് ഓഡിറ്റ്ഓഫിസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.ആർ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| മുരളീധരൻപിള്ള | | | |
| രഘുലാൽ. വി | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീല .ആർ | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീകാന്ത് | മെഡിക്കൽ ഓഫീസർ(ആയുർവേദം)) | 01-04-2022 | 31-03-2023 |
| ശ്രീകുമാരി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ദിവ്യ.എസ്.നായർ | അസിസ്റ്റന്റ് എൻജിനിയർ | 01-04-2022 | 20-07-2022 |
| അനിൽ കുമാർ.കെ | അസിസ്റ്റന്റ് എൻജിനിയർ | 21-07-2022 | 14-09-2022 |
| സ്മിത. | അസിസ്റ്റന്റ് എൻജിനിയർ | 14-09-2022 | 27-09-2022 |
| ഷീജ.എ.കെ | അസിസ്റ്റന്റ് എൻജിനിയർ | 28-09-2022 | 31-03-2023 |
| വേണു.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 24-10-2022 |
| കവിത ജോസ് | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ഹാശിറ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 11-07-2022 |
| അഭിലാഷ്.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 12-07-2022 | 31-03-2023 |
| മധുസൂധനൻപിള്ള | കൃഷി ഓഫിസർ | 01-04-2022 | 09-08-2022 |
| ശ്രീലക്ഷ്മി.വി | കൃഷി ഓഫീസർ | 10-08-2022 | 31-03-2023 |
| ഡോ.ടോമി ഡേവിഡ്.സി.എസ്സ് | മെഡിക്കൽ ഓഫിസർ(സി.എച്ച്.സി | 01-04-2022 | 15-05-2022 |
| ഡോ.അനിൽ പിള്ള | മെഡിക്കൽ ഓഫിസർ(സി.എച്ച്.സി) | 16-05-2022 | 31-03-2023 |
| ദീപു. എം. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| അഖിൽ വി പിള്ള | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 16-08-2022 |
| ശ്രുതി ശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-08-2022 | 10-11-2022 |
| രാജീവ് കുമാർ.ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11-11-2022 | 31-03-2023 |

| | | | |
|---|---|---|---|
| ജ്യോതിമോൻ. പി.ബി | വെറ്ററിനറി സർജൻ | 01-04-2022 | 19-09-2022 |
| സജിൻ  മാത്യു | വെറ്ററിനറി സർജൻ | 20-09-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക കൃത്യമല്ല | 1-1-2 |
| 4 | ഡി സി ബി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-4 |
| 6 | ബി-4 ഷെഡ്യൂളിലെ നീക്കിയിരിപ്പ് യഥാർത്ഥ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുകൾ നിലവിലും തുടരുന്നു | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | നിർവഹണ ഏജൻസികൾക്ക് നൽകുന്ന മുൻകൂറുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം | 1-10 |
| 19 | ഗ്രന്ഥശാലയുടെ അനുബന്ധ കെട്ടിടത്തിന് വസ്തുനികുതി ചുമത്തിയില്ല | 1-11 |
| 20 | വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-12 |
| 21 | ആരാധനാലയത്തോടൊപ്പമുള്ള അനുബന്ധ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചില്ല | 1-13 |
| 22 | പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-14 |
| 23 | ഓഡിറ്റ് ഇംപാക്ട് | 1-15 |
| 24 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല | 1-16 |
| 25 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനാകുന്നില്ല | 1-17 |
| 26 | തൊഴിൽ നികുതി - എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല | 1-18-1 |
| 27 | ലേലം-രേഖകൾ പരിപാലിക്കുന്നില്ല | 1-19 |

| | | |
|---|---|---|
| 28 | എസ്.എൻ.ഡി.പി മന്ദിരം-കോണത്തോത്ത് റോഡ് സൈഡ് വാൾ നിർമ്മാണം-ഫൗണ്ടേഷൻ ചെയ്തതിലധികമായി ഡി ആർ ചെയ്തു | 1-20 |
| 29 | സി സി ടി വി ക്യാമറ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 30 | ലൈബ്രറി സെസ്സ് ഇനത്തിൽ ലക്ഷങ്ങളുടെ ബാധ്യത | 1-22 |
| 31 | ലൈബ്രറികൾക്ക് ആനുകാലികങ്ങളും പ്രസിദ്ധീകരണങ്ങളും -തുക ലൈബ്രേറിയന്റെ വ്യക്തിഗത അക്കൗണ്ടിൽ | 1-23 |
| 32 | എഫ് എച്ച് സി യിലേക്ക് വാങ്ങിയ എ സി പ്രവർത്തനസജ്ജമാക്കിയില്ല | 1-24 |
| 33 | ആയുർവേദ ആരോഗ്യ കേന്ദ്രത്തിന് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നു ലഭിച്ചില്ല. | 1-25 |
| 34 | മരണ തീയതിക്കു ശേഷവും പെൻഷൻ സസ്പെൻഡ് ചെയ്തില്ല - തുടർ മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു | 1-26 |
| 35 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കരാർ പ്രവൃത്തിയിൽ നിന്ന് ആദായ നികുതി ഈടാക്കുന്നില്ല | 1-27 |
| 36 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ചുള്ള അവലോകനം | 1-28 |
| 37 | വിനിയോഗിക്കാത്ത ലോണിന് തിരിച്ചടവ് | 1-29 |
| 38 | ലൈഫ് അവലോകനം | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എസ്.എൻ.ഡി.പി. മന്ദിരം-കോണത്തോത്ത് റോഡ് സൈഡ് വാൾ നിർമ്മാണം-ഫൗണ്ടേഷൻ ചെയ്തതിലധികമായി ഡി ആർ ചെയ്തു | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30-06-2023 ലെ 2(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആല ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആല ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ
--/--/----

**1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള, റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവയും ബി1 ഷെഡ്യൂളും വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക കൃത്യമല്ല**

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരുപ്പുമായി കാണിച്ചിട്ടുള്ള തുകയും തമ്മിലുള്ള വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

**1-1-3 ഡി സി ബി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതിയുടെ ഡി സി ബി പത്രികയും സഞ്ചയ പ്രകാരമുള്ള ഡി സി ബി പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.**

| Directly Credited By Bank | Directly Debited By Bank |
|---|---|
| എസ് ബി ഐ ഇ-പേയ്മെന്റ് - 66880/- | (I) സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് -തനതു ഫണ്ട് - 1509/-<br>(Ii) ഫെഡറൽ ബാങ്ക് (പി എഫ് എം എസ്) - 241546/-<br>(Iii) ഹെൽത്ത് ഗ്രാന്റ് II (7268) – 6380/-<br>(Iv) എൽ.ജി.റ്റി.എസ്.ബി ട്രഷറി- 249652/- |

**1-1-5 ബി-4 ഷെഡ്യൂളിലെ നീക്കിയിരിപ്പ് യഥാർത്ഥ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല**

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബി 4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും (2768007/-)ബി 17, ആർ.പി 40 (ബി) പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പും (3838723/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-6 മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുകൾ നിലവിലും തുടരുന്നു**

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 320800101 | ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ | 56809 |

**1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

കോൺട്രാക്റ്റേഴ്സ് റിട്ടെൻഷൻ ഇനത്തിൽ 31.03.2023ൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരവായി എഴുതിയ 9476/- രൂപ വാർഷിക കണക്ക് ആർ.പി.-33 ഡെപ്പോസിറ്റ് റിസീവ്ഡ് 340100301 എന്ന ഹെഡിൽ വരവായി എടുത്തിട്ടില്ല.

**1-1-8 നിർവഹണ ഏജൻസികൾക്ക് നൽകുന്ന മുൻകൂറുകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല**

പ്രോജക്ട് നം.87/23 പ്രകാരം വിവിധ സ്ഥലങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനായി 340000/- രൂപ പി ഡബ്ല്യൂ ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ 2022-23 വർഷം നിക്ഷേപിച്ചിരുന്നു. പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തുക ബി-18 ഷെഡ്യൂളിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 25/03/2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 102874757 | 102288650 |
| വാർഷിക കണക്ക് പ്രകാരം | 165302164 | 176695180 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 5258911 |
| വരവ് | 17769799 |
| ആകെ | 23028710 |
| ചെലവ് | 14579973 |
| നീക്കിയിരിപ്പ് | 8448737 |

**1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 6675905 | 6675905 | 6614388 | 61517 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 6555405 | 6555405 | 6179230 | 376175 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 8002000 | 8002000 | 5466221 | 2535779 |
| സംരക്ഷണ ഗ്രാന്റ് | 0 | 4570000 | 4570000 | 4479435 | 90565 |

| | | | | | |
|---|---|---|---|---|---|
| നോൺറോഡ് | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3766925 | 5685234 | 9452159 | 3799551 | 5652608 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 159 | 60445726 | 99 | 29075931 | 18 | 42 | 62.26% |

**1-6 തൊഴിലുറപ്പു പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 612 | 1067321 | 1067933 | 971763 | 96170 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 15262830 | 15262830 | 15262830 | - |
| ആകെ | 612 | 16330151 | 16330763 | 16234593 | 96170 |

**1-7 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14400 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 2225600 | 1437 |
| വിധവാ പെൻഷൻ | 6158000 | 3933 |
| വാർദ്ധക്യകാല പെൻഷൻ | 16651600 | 1720 |
| വികലാംഗപെൻഷൻ | 2025600 | 1293 |
| അവിവാഹിത പെൻഷൻ | 128000 | 80 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 21.08.2023 തീയതിയിൽ 02.00 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4809/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

തനത് വരുമാനം താരതമ്യേന കുറവുള്ള പഞ്ചായത്ത് എന്ന നിലയ്ക്ക് വരവ് നഷ്ടം സംഭവിക്കാതെയിരിക്കുന്നതിനുള്ള നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല. കൂടാതെ, സർക്കാരിലേക്ക് അടക്കേണ്ട ലൈബ്രറി സെസ്സ് പോലെയുള്ള കുടിശ്ശിക തുകകൾ യഥാസമയം അടക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ വിവരങ്ങൾ, നിലവിലുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആഭ്യന്തര നിയന്ത്രണം കൂടതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം**

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ്, വാടക എന്നിവയിലെ ഡിമാൻഡുകൾ കൃത്യമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ശോഷണത്തിന് ഇടയാക്കുന്നു.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച വരവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**ബജറ്റ് പ്രകാരമുള്ളത്**

| | |
|---|---|
| ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | 102874757 |

**വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തനത് വരുമാനം**

| | |
|---|---|
| നികുതി, നികുതിയേതര ഇനങ്ങളിലെ വരവ് | 86547308 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വരുമാന വർദ്ധനവിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2) ഉം, 4ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം.25/2023/ എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരണം 09.05.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കും ആക്ഷേപങ്ങൾക്കുമായി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുകയും നിയമാനുസൃത കാലയളവിന് ശേഷം ആക്ഷേപങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ കരട് വിജ്ഞാപനം അന്തിമമാക്കി ഭരണസമിതിയുടെ 08.08.2023 ലെ 1(1) നമ്പർ കമ്മറ്റി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 13 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വസ്തുനികുതി പുനർ നിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**2) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.**

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 നു മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടച്ചുകൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ

എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

3) **സേവന ഉപ നികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കായി വസ്തനികുതിയോടൊപ്പം 10% സേവന ഉപനികുതി ഈടാക്കുന്നുണ്ട്.

**4) പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് എഴുതി തയ്യാറാക്കി അധികൃതർ സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, ചാർട്ടേഡ് അക്കൌണ്ടന്റുമാർ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പ്രൊഫഷണലുകളെയും കരാറുകാരെയും സ്വയം തൊഴിൽ ചെയ്യുന്നവരെയും തൊഴിൽ നികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**5) തനത് വരുമാനങ്ങൾ - അർഹമായ മുഴുവൻ തുകയും ഡിമാന്റ് ചെയ്യുന്നില്ല**

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഴുക്കാമോടി കമ്മ്യൂണിറ്റി ഹാളും അടുക്കളയും അതിന്റെ നിർമ്മാണ ലക്ഷ്യം നിർവഹിക്കുന്നില്ല. ടി കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുകയോ തനത് വരുമാനം ലഭിക്കാനാവശ്യമായ മറ്റെന്തെങ്കിലും പ്രവർത്തനം നടത്തുകയോ ചെയ്യുന്നില്ല. നിലവിൽ 4-ാം നമ്പർ അങ്കണവാടി പ്രസ്തുത കമ്മ്യൂണിറ്റി ഹാളിലാണ് താൽക്കാലികമായി പ്രവർത്തിക്കുന്നത്. ഇപ്രകാരം വാടക ലഭിക്കേണ്ട പല വരുമാന സ്രോതസ്സും യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് മാറി പ്രവർത്തിക്കുന്നതിനാൽ അർഹമായ തനത് വരുമാനം പോലും ഈടാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. കൂടാതെ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയം, ലോഡ്ജ് തുടങ്ങിയവയിൽ നിന്ന് വസ്തുനികുതി കൂടാതെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ കൂടി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

12-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിശ്വഭാരതി ഗ്രന്ഥശാലയുടെ ഉടമസ്ഥതയിൽ ഗ്രന്ഥശാലയോടനുബന്ധമായി നിർമ്മിച്ചിട്ടുള്ള രണ്ട് നിലകളുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പെണ്ണുക്കര പോസ്റ്റ് ഓഫീസും മുകൾ നിലയിൽ ഗ്രന്ഥശാല ഹാളും പ്രവർത്തിച്ചു വരുന്നു. പോസ്റ്റ് ഓഫീസിന്റെ പ്രതിമാസ വാടക ഗ്രന്ഥശാല കൈപ്പറ്റുന്നതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. എന്നാൽ ഭൗതിക പരിശോധനയിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിനും ഗ്രന്ഥശാല ഹാളിനും നാളിതുവരെ കെട്ടിട നമ്പർ നൽകുകയോ നികുതി ചുമത്തുകയോ ചെയ്തിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാകുന്നുണ്ട്. ഖണ്ഡിക 1-11 കൂടി കാണുക.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ, പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിശദാംശങ്ങളിൽ ഉൾപ്പെടാത്ത വാണിജ്യ സ്ഥാപനങ്ങൾ (ഉദാ. ടർഫ്, ലോഡ്ജ്, ഓഡിറ്റോറിയം) എന്നിവയെ സംബന്ധിച്ച് വരുമാന വർദ്ധനവിന് ഉപകരിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല.

6.ലേലം സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിന്റെ ആസ്തികൾ ലേലം ചെയ്യുന്നത് സംബന്ധിച്ച് ലേല രജിസ്റ്റർ, ലേല നോട്ടീസ്, ലേല ഡയറി, ഫീസ് വരവ് തുടങ്ങിയ വിശദാംശങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ലേല രേഖകളുടെ അഭാവത്തിൽ തനത് വരുമാനം നഷ്ടപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

**1-11 ഗ്രന്ഥശാലയുടെ അനുബന്ധ കെട്ടിടത്തിന് വസ്തുനികുതി ചുമത്തിയില്ല**

ഗ്രാമ പഞ്ചായത്ത് 12-ാം വാർഡിൽ (പെണ്ണുക്കര) സ്ഥിതി ചെയ്യുന്ന വിശ്വഭാരതി എന്ന ഗ്രന്ഥശാലയോടനുബന്ധമായി നിർമ്മിച്ചിട്ടുള്ള രണ്ട് നിലകളുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പെണ്ണുക്കര പോസ്റ്റ് ഓഫീസും മുകൾ നിലയിൽ ഗ്രന്ഥശാല ഹാളും പ്രവർത്തിച്ചു വരുന്നു. പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം വർഷങ്ങളായി നിലവിലുള്ളതാണ്. ഗ്രന്ഥശാല ഹാൾ 2020-21 ൽ പണി കഴിപ്പിച്ചതാണ്. പോസ്റ്റ് ഓഫീസിന്റെ പ്രതിമാസ വാടക വിശ്വഭാരതി ഗ്രന്ഥശാല കൈപ്പറ്റുന്നതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള ഏതൊരു കെട്ടിടത്തിനും കെട്ടിട നമ്പർ നൽകേണ്ടതും നികുതി നിർണ്ണയിക്കേണ്ടതുമാണ്. എന്നാൽ ഭൗതിക പരിശോധനയിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിനും ഗ്രന്ഥശാല ഹാളിനും നാളിതുവരെ കെട്ടിട നമ്പർ നൽകുകയോ നികുതി ചുമത്തുകയോ ചെയ്തിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/23.08.2023) മറുപടി ഹാജരാക്കിയില്ല. ഇപ്രകാരം പഞ്ചായത്തിലെ പല കെട്ടിടങ്ങൾക്കും കെട്ടിട നമ്പർ നൽകാതിരിക്കുന്ന സാഹചര്യത്തിൽ വസ്തുനികുതി ഡിമാന്റ് കൃത്യമല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പോസ്റ്റ് ഓഫീസ്, ഗ്രന്ഥശാല ഹാൾ എന്നിവയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. മുഴുവൻ കെട്ടിടങ്ങൾക്കും കെട്ടിട നമ്പർ നൽകേണ്ടതും നികുതി ഡിമാന്റ് ചെയ്ത് പരമാവധി വരുമാനം സമാഹരിച്ച് വരുമാന ചോർച്ച ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.



വിശ്വഭാരതി ഗ്രന്ഥശാല, പോസ്റ്റ് ഓഫീസ് കെട്ടിടം



വിശ്വഭാരതി ഗ്രന്ഥശാല ഹാൾ

**1-12 വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക്

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 30/- രൂപയായും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 50/- രൂപയായും ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിട നം. | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി@30 | ചുമത്തേണ്ട നികുതി@50 |
|---|---|---|---|---|---|
| റ്റി.എം.വർഗ്ഗീസ്, ബീജി കോട്ടേജ്, പെണ്ണുക്കര | XI | 63/A | 84.84 | 2545 | 4242 |
| | | 63/B | 87.48 (*) | 2624 | 4374 |
| | | 63/C | 67.57 | 2027 | 3378 |
| | | 63/D | 32.43 (*) | 973 | 1622 |
| | | 63/F | 67.57 | 2027 | 3378 |
| | | **ആകെ** | **339.89** | **10196** | **16994** |
| ആകെ കുറവ് = 6798/- | | | | | |

(പ്രാബല്യം യഥാക്രമം 2023 ഒന്നാം അർദ്ധവർഷം മുതൽ (*ബഹുനില ഇളവ്- 5%))

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യകെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പരുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/19.08.2023) നികുതി പരിഷ്ക്കരിച്ച് കുറവ് വന്ന നികുതി ഈടാക്കാൻ ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് നൽകുമെന്ന് അറിയിച്ചു. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുകയായ 6798/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ആരാധനാലയത്തോടൊപ്പമുള്ള അനുബന്ധ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ആരാധനാലയങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അനുബന്ധ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിളവ് ബാധകമല്ല. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

| വാർഡ്, കെട്ടിട നം. | വിസ്തീർണ്ണം | ഉടമസ്ഥർ |
|---|---|---|
| VII/209 | 36 | സെന്റ് മേരീസ് |

| | | |
|---|---|---|
| | | ഓർത്തഡോക്സ് പള്ളി വക |
| VIII/194 | 26 | എൻ.എസ്.എസ് കരയോഗ മന്ദിരം |
| XI/78 | 78 | പള്ളി വക ഹാൾ |
| IX/245 | 24 | പൗരസമിതി ഓഫീസ് |

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/19.08.2023) നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുമെന്ന് അധികൃതർ അറിയിച്ചു. പ്രസ്തുത കെട്ടിടങ്ങൾ പരിശോധിച്ച് വസ്തുനികുതി പുനർ നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല**

1994 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205 പ്രകാരം ഒരു അർദ്ധവർഷം 60 ദിവസമോ അതിൽ കൂടുതലോ ഒരു പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സി.ഡി.എസ് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല. കൂടാതെ രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ, റേഷൻ കടകൾ, ക്ഷീര സംഘങ്ങൾ, കള്ളുഷാപ്പുകൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും കരാറുകാർ, സ്വകാര്യ ഡോക്ടർമാർ തുടങ്ങിയവരുടേയും തൊഴിൽ നികുതിയും ഈടാക്കിയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/19.8.2023) മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-15 ഓഡിറ്റ് ഇംപാക്ട്**

ആല കൃഷി ഭവനിൽ ജോലി ചെയ്തു വരുന്ന ശ്രീമതി ശ്രീകല.റ്റി, പി.റ്റി.എസിന്റെ വരുമാന പത്രിക പരിശോധിച്ചതിൽ രണ്ടാം അർദ്ധവർഷത്തെ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായതായി കണ്ടെത്തി. ഓഡിറ്റ് അന്വേഷണത്തെ (11/19.08.2023) തുടർന്ന് മേൽപ്പറഞ്ഞ ജീവനക്കാരിയുടെ രണ്ടാം അർദ്ധ വർഷത്തെ കുറവ് വന്ന തൊഴിൽ നികുതി (250/-രൂപ) രസീത് നം.1230100686/19.08.2023 പ്രകാരം അടവാക്കുകയുണ്ടായി.

**1-16 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല**

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാമെന്ന് കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ ചട്ടം 18, 19 പട്ടിക III ൽ നിർദ്ദേശിക്കുന്നു. എന്നാൽ XI/271, XI/271 A (പാല നിൽക്കുന്നതിൽ) കെട്ടിടത്തിൽ യന്ത്രസഹായത്തോടെ പ്രവർത്തിക്കുന്ന ധാന്യങ്ങൾ പൊടിച്ച് വിൽപ്പന നടത്തുന്ന സ്ഥാപനത്തിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ലൈസൻസിനോടൊപ്പം ഈടാക്കിയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/19.8.2023) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാനുള്ള ഹെഡ് ഐ.എൽ.ജി.എം.എസിൽ ഇല്ലാത്തതിനാലാണ് പ്രസ്തുത ഫീസ് ഈടാക്കാതിരുന്നതെന്ന് മറുപടി ലഭിച്ചു. കേരള

പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-17 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനാകുന്നില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ്) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സഞ്ജയ പ്രകാരം പഞ്ചായത്തിൽ ആകെ 582 വാണിജ്യ കെട്ടിടങ്ങൾ നിലവിലുള്ളതായി കാണുന്നു. എന്നാൽ ഓഡിറ്റ് വർഷം 140 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് പൂർണ്ണമായി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**1-18-1 തൊഴിൽ നികുതി - എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലോഡ്ജുകൾ, ഓഡിറ്റോറിയം എന്നിവയുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

| വാർഡ്, കെട്ടിട നം. | ഉപയോഗം | ഉടമസ്ഥന്റെ പേര് |
|---|---|---|
| VIII/202 E, F, G | ലോഡ്ജ് | റ്റി.ജി.യോഹന്നാൻ |
| VIII/234 D, E | ലോഡ്ജ് | സ്റ്റാൻലി |
| IX/212 A | ഓഡിറ്റോറിയം | എബ്രഹാം |
| X/393 | ഓഡിറ്റോറിയം | എൻ.എസ്.എസ് |
| XI/74 | ഓഡിറ്റോറിയം | ട്രസ്റ്റി, ചർച്ച് |
| XI/152 A | ലോഡ്ജ് | ഗ്ലാഡ് വിൻ അന്ന വർഗ്ഗീസ് |

1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3, ചട്ടം 4A എന്നിവ പ്രകാരം സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു ണ്ടെങ്കിലും മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-18-**2) റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

1996-ലെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും നൽകുന്ന ലൈസൻസ് ചട്ടങ്ങൾ, വകുപ്പ് 232, 233 എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഏതൊരു

സ്ഥാപനവും ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/19.8.2023) ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 ലേലം-രേഖകൾ പരിപാലിക്കുന്നില്ല**

ലേല ഡെപ്പോസിറ്റ് ഇനത്തിൽ 22190/-രൂപ ഓഡിറ്റ് വർഷം ലഭിച്ചിട്ടുണ്ട്. ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ ആസ്തികൾ ലേലം ചെയ്യുന്നത് സംബന്ധിച്ച് ലേല രജിസ്റ്റർ, ലേല നോട്ടീസ്, ലേല ഡയറി, ഫീസ് വരവ് തുടങ്ങിയ വിശദാംശങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ലേല രേഖകളുടെ അഭാവത്തിൽ ഈയിനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തനത് വരുമാനം നഷ്ടപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു. ലേലം സംബന്ധമായ രേഖകൾ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 എസ്.എൻ.ഡി.പി മന്ദിരം-കോണത്തേത്ത് റോഡ് സൈഡ് വാൾ നിർമ്മാണം-ഫൗണ്ടേഷൻ ചെയ്തതിലധികമായി ഡി ആർ ചെയ്തു**

പ്രോജക്ട് നം. S0069/23, വികസന ഫണ്ട്
എസ്.എൻ.ഡി.പി മന്ദിരം-കോണത്തേത്ത് റോഡ് സൈഡ് വാൾ നിർമ്മാണം
ബിൽ നം. (BRN) 22070252014201421846 തീയതി 21-03-2023 തുക 14,23,000/-
മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ, ഇ.എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, ഐറ്റം നം. 2 “Excavation In Cutting In Soil By Manual Means With Lead Upto 50 M……...as Per Technical Specification Clause 302.3 “ പ്രകാരം ആകെ പ്രവൃത്തി ചെയ്തിട്ടുള്ളത് 23.926 $M^3$ ആണ്. ഇതിൽ ഐറ്റം നം.1 പ്രകാരം 6.48 $M^3$ നിലവിലുള്ള Rubble Demolishing ചെയ്തതായും 5.016 $M^3$ റബിൾ ഇതിൽ നിന്നും സ്റ്റാക്ക് ചെയ്തിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഐറ്റം നം.5 പ്രകാരം ഡിപ്പാർട്ട്മെന്റൽ മെറ്റീരിയൽ ഉപയോഗിച്ച് DR MASONRY 4.773 $M^3$ ഉം DR MASONRY With Material & Labour Cost 22.285 M3 ഉം ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം എക്സ്കവേഷൻ ചെയ്ത അളവിലുപരിയായി 3.132 $M^3$ DR Work ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, പുനരുപയോഗത്തിന് 5.016 $M^3$ Rubble സ്റ്റാക്ക് ചെയ്തതിൽ 4.773 $M^3$ മാത്രം ഉപയോഗപ്പെടുത്തിയാണ് ഡിപ്പാർട്ട്മെന്റൽ മെറ്റീരിയൽ ഉപയോഗിച്ച് DR Masonry ചെയ്തിട്ടുള്ളത്. മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി 18.08.2023) ലഭ്യമാക്കിയ മറുപടിയിൽ, ചരിവുള്ള പ്രദേശമാകയാൽ ചില സ്ഥലങ്ങളിൽ DR Masonry വർക്ക് കൂടുതലായി ചെയ്യേണ്ടി വന്നുവെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്ന തെളിവുകൾ മറുപടിയോടൊപ്പം ലഭ്യമാക്കിയില്ല. ആകയാൽ 3.132 $M^3$ DR Work ന് അധികമായി കരാറുകാരന് നൽകേണ്ടി വന്ന 14748/-രൂപ ($M^3$ ന് 4709/-) ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-21 സി സി ടി വി ക്യാമറ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല**

നിർവ്വഹണം – സെക്രട്ടറി ഗ്രാമപഞ്ചായത്ത്
പ്രോജക്ട് നം./പേര് -87/വിവിധ സ്ഥലങ്ങൾ മാലിന്യ മുക്തമാക്കുവാൻ CCTVക്യാമറ

സ്ഥാപിക്കൽ

അടങ്കൽ - 340000

ഫണ്ടിനം – ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് - 340000

ബി ആർ എൻ-1502191/24.03.2023

ആലാ ഗ്രാമ പഞ്ചായത്തിനെ മാലിന്യ മുക്തമാക്കുക എന്ന ഉദ്ദേശ്യത്തോടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ CCTV ക്യാമറ സ്ഥാപിക്കുവാൻ ലക്ഷ്യമാക്കി 2021-22 ൽ ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. ഏഴു സ്ഥലങ്ങളിൽ ക്യാമറ വയ്ക്കുവാൻ 340000/-രൂപ അടങ്കലിൽ പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതയാൽ 2021-22 ൽ ഈ പദ്ധതി നടപ്പായില്ല.

2022-23 ൽ പദ്ധതി ഭേദഗതി ചെയ്ത് 7-ാം വാർഡിൽ ചമ്മത്തുമുക്ക് ജംഗ്ഷനിൽ 4 ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും പി ഡബ്ല്യൂ ഡി ഇലക്ട്രോണിക്സ് വിഭാഗം 406000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കുകയും ചെയ്തു. എന്നാൽ പദ്ധതി ഭേദഗതി ചെയ്ത് അടങ്കൽ വർദ്ധിപ്പിക്കാൻ സാധിക്കാതിരുന്നതിനാൽ പദ്ധതിയിൽ ലഭ്യമായ 340000/-രൂപ തൻവർഷവും, ബാക്കി 66000/- രൂപ 2023-24 വർഷവും നിക്ഷേപിച്ചിട്ടുണ്ട്.

ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും ഇല്ലായെങ്കിൽ അതിനുള്ള കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.4/22-23/18.08.2023 ന് 2022-23 ൽ മുഴുവൻ തുകയും ഒടുക്കാതിരുന്നതിനാൽ പദ്ധതി നടപ്പിലായില്ല എന്നും 2023-24 ൽ പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും മറുപടി നല്കി.

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ തൻവർഷം ചെലവഴിച്ച തുക 340000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-22 ലൈബ്രറി സെസ്സ് ഇനത്തിൽ ലക്ഷങ്ങളുടെ ബാധ്യത**

2022-23 വാർഷിക കണക്ക് B-9 ഷെഡ്യൂൾ ഹെഡ് കോഡ് 350300101 പ്രകാരം 522185/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ ബാധ്യത നിലനിൽക്കുന്നു. ലഭ്യമായ വിവരങ്ങൾ പ്രകാരം 2012-13 വർഷം മുതൽ ലൈബ്രറി സെസ്സ് കൃത്യമായി അടയ്ക്കുന്നില്ല. തനതു ഫണ്ട് വളരെ കുറവായ പഞ്ചായത്തിൽ ഇത്രയും തുക കുടിശ്ശിക നിലനിർത്തുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക അവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കുടിശ്ശിക നിവാരണത്തിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

**1-23 ലൈബ്രറികൾക്ക് ആനുകാലികങ്ങളും പ്രസിദ്ധീകരണങ്ങളും -തുക ലൈബ്രേറിയന്റെ വ്യക്തിഗത അക്കൗണ്ടിൽ**

പ്രോജക്ട് നം :-S0124/23

ഗ്രന്ഥശാലകൾക്ക് ആനുകാലികങ്ങളും പ്രസിദ്ധീകരണങ്ങളും

ഫണ്ടിനം :- വികസന ഫണ്ട് (പൊതുവിഭാഗം)

അടങ്കൽ:-25000/-

ബിൽ നം. 22070252010601540364 തീയതി 28-03-2023.

ഗ്രന്ഥശാലകൾക്ക് ആനുകാലികങ്ങളും പ്രസിദ്ധീകരണങ്ങളും വാങ്ങിയതിന്റെ വില അനുവദിച്ച് നൽകുന്നതിനാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. 4 ലൈബ്രറികൾക്കായിട്ട്

6250/- വീതം 25000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശ്വഭാരതി ഗ്രന്ഥശാല & വായനശാല, മനോരഞ്ജിനി വായനശാല എന്നിവർക്കായി നല്കിയ തുക ലൈബ്രറിയുടെ അക്കൗണ്ടിൽ നൽകുന്നതിന് പകരം ലൈബ്രേറിയൻമാരുടെ പേഴ്സണൽ അക്കൗണ്ടിലേക്കാണ് നൽകിയത്. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 തീയതി 22-08-2023) ലഭ്യമാക്കിയ മറുപടിയിൽ, ഗ്രന്ഥശാലയുടെ പേരിൽ നിലവിൽ അക്കൗണ്ടില്ലാത്തത് കാരണമാണ് ഭരണസമിതിയുടെ അറിവോടുകൂടി തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളതെന്നറിയിച്ചിട്ടുണ്ട്. ഗ്രന്ഥശാലയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മാത്രം ആനുകൂല്യം ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

## 1-24 എഫ് എച്ച് സി യിലേക്ക് വാങ്ങിയ എ സി പ്രവർത്തനസജ്ജമാക്കിയില്ല

പ്രോജക്ട് നം. -171/23

പേര് - ആരോഗ്യ സ്ഥാപനത്തിന് രോഗനിർണ്ണയ സൗകര്യം ഒരുക്കൽ

അടങ്കൽ -200808

ചെലവ് - 198835

ഫണ്ട് - ഹെൽത്ത് ഗ്രാന്റ്

മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആരോഗ്യ സ്ഥാപനത്തിന് രോഗനിർണ്ണയത്തിന് സൗകര്യം ഒരുക്കൽ എന്ന പദ്ധതി പ്രകാരം ജെം മുഖേന വാങ്ങിയ എയർ കണ്ടീഷണർ (LLOYD 1.5 Ton) സ്ഥാപനത്തിന്റെ ലാബിൽ ഫിറ്റ് ചെയ്തിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ വ്യക്തമായി. എന്നാൽ അനുയോജ്യമായ ഇലക്ട്രിക്കൽ കണക്ഷന്റെ അഭാവത്തിൽ AC കണക്ട് ചെയ്ത് ഉപയോഗപ്രദമാക്കുന്നതിന് സാധിച്ചിട്ടില്ല.

2023 മാർച്ച് മാസത്തിൽ ലഭിച്ച AC നിലവിലും ഉപയോഗപ്രദമാക്കാത്തത് ഉചിതമായ നടപടിയല്ല. ഇലക്ട്രിഫിക്കേഷൻ നടപടികൾ അടിയന്തിരമായി നടപ്പാക്കി AC ഉപയോഗയോഗ്യമാക്കേണ്ടതാണ്.

## 1-25 ആയുർവേദ ആരോഗ്യ കേന്ദ്രത്തിന് മരുന്നുവാങ്ങൽ-മുൻകൂർ തുകയ്ക്കുള്ള മരുന്നു ലഭിച്ചില്ല.

2022-23 സാമ്പത്തികവർഷം ആയുർവേദ ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിന് "ഔഷധി" എന്ന സ്ഥാപനത്തിന് മുൻകൂറായി തുക നല്കി. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ചെക്ക് നം./തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 19/2022-23 | ആയുർവേദ ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ. | 8,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 01/22-23/ 23.03.2023 06/2021-22/ 26.11.22 | 797480 | 2520 |

സമയബന്ധിതമായി മരുന്ന് ലഭിക്കാതെ വന്നാൽ ആശുപത്രിയുടെ ദൈനംദിന

പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് "ഔഷധി" സ്ഥാപനവുമായി അധികൃതർ സ്വീകരിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 1/2022-23 തീയതി 16.08.2023 നൽകിയിരുന്നു. മരുന്നുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**<u>1-26 മരണ തീയതിക്കു ശേഷവും പെൻഷൻ സസ്പെൻഡ് ചെയ്തില്ല - തുടർ മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു</u>**

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിലെ 2022-23 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതെ മരണശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1. | ഇന്ദ്രസേനൻ | വാർദ്ധക്യ പെൻഷൻ | 104670200097 | 02.05.22 | 05.05.22 | 06/22 മുതൽ 04/23 വരെ | 17600 |
| 2 | ജാനമ്മ | വിധവ പെൻഷൻ | 104670600219 | 22.07.22 | 28.07.22 | 08/22 മുതൽ 04/23 വരെ | 14400 |
| 3. | സി.കെ.ഉണ്ണികൃഷ്ണൻ നായർ (*) | വാർദ്ധക്യ പെൻഷൻ | 104740200196 | 08.02.22 | 21.06.22 | 03/22 മുതൽ 04/23 വരെ | 22400 |
| | | | **ആകെ** | | | | **54400/-** |

(*)ക്രമ നം. 3 ലെ ഗുണഭോക്താവിന്റെ മരണം ആല ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തെങ്കിലും അവർക്ക് പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന തദ്ദേശ സ്ഥാപനത്തെ യഥാസമയം അറിയിച്ച് ടി ഗുണഭോക്താവിന്റെ പെൻഷൻ സസ്പെൻഡ് ചെയ്ചാൻ നടപടി സ്വീകരിച്ചില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവായാണ് കാണുന്നത്.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം.12/19.08.2023) അനർഹമായി കൈമാറിയ തുക തിരികെ ഒടുക്കാൻ ബാങ്കിന് കത്ത് നൽകിയെന്നറിയിച്ചു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ ഫണ്ടിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-27 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കരാർ പ്രവൃത്തിയിൽ നിന്ന് ആദായ നികുതി ഈടാക്കുന്നില്ല**

2022-23 വർഷം നടപ്പാക്കിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിൽ 24 നിർമ്മാണ പ്രവൃത്തികളുടെ ബോർഡ് നിർമ്മാണത്തിന് വർക്ക് ഒന്നിന് 3000/- രൂപ പ്രകാരം 72000/- രൂപ ഭൂമിക സ്വയം സഹായ സംഘത്തിന് കരാർ അനുസരിച്ച് പ്രതിഫലം നൽകിയിട്ടുണ്ട്. കരാർ പ്രവൃത്തിയായതിനാൽ 1% തുക ആദായ നികുതി ഈടാക്കണമെന്നിരിക്കെ ആയത് ഈടാക്കിയിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി 23-08-2023) മറുപടി ലഭ്യമാക്കിയില്ല. ആദായ നികുതി 720/- രൂപ ഭൂമിക സ്വയം സഹായ സംഘത്തിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

**1-28 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ചുള്ള അവലോകനം**

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 13 വാർഡുകളിലായി 15 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 05 എണ്ണം മാത്രം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 08 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 02 അങ്കണവാടികൾ വാടകരഹിതമായി പ്രവർത്തിക്കുന്നു (പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ). 15 അങ്കണവാടികളിലും ടോയ്ലെറ്റ് സൗകര്യമുണ്ട്. ഒരു അങ്കണവാടിയിൽ പോലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ല. 10 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 15 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 15 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ്. ഒറ്റ മുറിയായി പ്രവർത്തിക്കുന്ന അങ്കണവാടി ഇല്ല. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പുതുതായി സ്ഥലങ്ങളൊന്നും കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. 03 അങ്കണവാടികളിൽ മാത്രം ടെലിവിഷൻ സൌകര്യമുണ്ട്. എന്നാൽ കമ്പ്യൂട്ടർ സൌകര്യം ലഭിച്ചിട്ടുള്ള അങ്കണവാടികൾ ഒന്നും തന്നെയില്ല. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-29 വിനിയോഗിക്കാത്ത ലോണിന് തിരിച്ചടവ്**

ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി 2018-19 കാലയളവിൽ പഞ്ചായത്തിന് അനുവദിച്ച കെ യു ആർ ഡി എഫ് സി ലോൺ 80,00,000/-രൂപയിൽ നിന്നും 126768/-രൂപ തൻ വർഷം വിനിയോഗിച്ചിരുന്നു. എന്നാൽ തുടർ വർഷങ്ങളിൽ ബാക്കി തുക വിനിയോഗിക്കാതിരുന്നിട്ടും വികസന ഫണ്ടിൽ നിന്നും സോഴ്സ് ഡിഡക്ഷനായി ലക്ഷങ്ങൾ തിരികെ ഈടാക്കിയിട്ടുണ്ട് . വിശദാംശം ചുവടെ.

| വർഷം | വിനിയോഗിച്ച തുക | തിരികെ ഈടാക്കിയ തുക |
|---|---|---|
| 2018-19 | 126768 | 0 |
| 2019-20 | 0 | 73529 |

| | | |
|---|---|---|
| 2020-21 | 0 | 102471 |
| 2021-22 | 0 | 572000 |
| 2022-23 | 0 | 366472 |
| ആകെ | 126768 | 1114472 |

വിനിയോഗിക്കാത്ത തുക സോഴ്സിൽ നിന്നും കുറവു ചെയ്യുന്നതു മൂലം പഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടുന്ന പദ്ധതി ധനം നഷ്ടമാകുവാൻ ഇടയാകുന്നു. ഈ വിഷയം സർക്കാർ തലത്തിൽ പരിഹരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉചിതമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**1-30 ലൈഫ് അവലോകനം**

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും വീട് ലഭ്യമാക്കുക, മുൻകാലങ്ങളിൽ സർക്കാർ ധനസഹായം ഉപയോഗിച്ച് നിർമ്മിച്ചതും എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുക, വീടുകൾ പുനരുദ്ധരിച്ച് വാസയോഗ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക, പാവപ്പെട്ട എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീട് ലഭ്യമാക്കുക എന്നിവ ലൈഫ് ഭവന പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ചിലതാണ്. 2022-23 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി.ഇ.ഒ. ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

1) ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം

| 2022-23 | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി | ജനറൽ | എസ്.സി. |
| | 03 | 20 | 01 | 00 | 00 | 00 |

2) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2022-23 | 2560000 | 00 | 00 | 00 | 1200000 | 3760000 |

3) ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

2022-23 വർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ജനറൽ/എസ്.സി. |
|---|---|---|---|
| 1 | ജിജീഷ് പന്തത്തറയിൽ | 200000 | എസ്.സി |
| 2 | ശാന്തമ്മ പ്ലാക്കാട്ടേത്ത് | 300000 | എസ്.സി |
| 3 | കുഞ്ഞുമോൻ കല്ലേപ്പറമ്പിൽ | 300000 | എസ്.സി |

| | | | |
|---|---|---|---|
| 4 | തങ്കച്ചൻ പള്ളിപ്പറമ്പിൽ | 300000 | എസ്.സി |

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളെ കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്.എൻ.ഡി.പി. മന്ദിരം-കോണത്തേത്ത് റോഡ് സൈഡ് വാൾ നിർമ്മാണം-ഫൗണ്ടേഷൻ ചെയ്തതിലധികമായി ഡി ആർ ചെയ്തു

പ്രോജക്ട് നം. S0069/23, വികസന ഫണ്ട്
എസ്.എൻ.ഡി.പി മന്ദിരം-കോണത്തേത്ത് റോഡ് സൈഡ് വാൾ നിർമ്മാണം
ബിൽ നം. (BRN) 22070252014201421846 തീയതി 21-03-2023 തുക – 4,23,000/-
മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ, ഇ.എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, ഐറ്റം നം. 2 “Excavation In Cutting In Soil By Manual Means With Lead Upto 50 M……..as Per Technical Specification Clause 302.3 “ പ്രകാരം ആകെ പ്രവൃത്തി ചെയ്തിട്ടുള്ളത് 23.926 $M^3$ ആണ്. ഇതിൽ ഐറ്റം നം.1 പ്രകാരം 6.48 $M^3$ നിലവിലുള്ള Rubble Demolishing ചെയ്തതായും 5.016 $M^3$ റബിൾ ഇതിൽ നിന്നും സ്റ്റാക്ക് ചെയ്തിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഐറ്റം നം.5 പ്രകാരം ഡിപ്പാർട്ട്മെന്റൽ മെറ്റീരിയൽ ഉപയോഗിച്ച് DR MASONRY 4.773 $M^3$ ഉം DR MASONRY With Material & Labour Cost 22.285 $M^3$ ഉം ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം എക്സ്കവേഷൻ ചെയ്ത അളവിലുപരിയായി 3.132 $M^3$ DR Work ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, പുനരുപയോഗത്തിന് 5.016 $M^3$ Rubble സ്റ്റാക്ക് ചെയ്തതിൽ 4.773 $M^3$ മാത്രം ഉപയോഗപ്പെടുത്തിയാണ് ഡിപ്പാർട്ട്മെന്റൽ മെറ്റീരിയൽ ഉപയോഗിച്ച് DR Masonry ചെയ്തിട്ടുള്ളത്. മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി 18-08-2023) ലഭ്യമാക്കിയ മറുപടിയിൽ, ചരിവുള്ള പ്രദേശമാകയാൽ ചില സ്ഥലങ്ങളിൽ വ്യത്യസ്ത താഴ്ചയിൽ DR Masonry വർക്ക് കൂടതലായി ചെയ്യേണ്ടി വന്നുവെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്ന തെളിവുകൾ മറുപടിയോടൊപ്പം ലഭ്യമാക്കിയില്ല. ആകയാൽ 3.132 $M^3$ DR Work ന് അധികമായി കരാറുകാരന് നൽകേണ്ടി വന്ന 14748/-രൂപ ($M^3$ന്4709/-) രൂപ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 54840 | പാലിന് സബ്സിഡി | 54840 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി കൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | പാലിന് ഇൻസെന്റീവ് | 100000 | 0 |
| | | 200000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 200000 | 0 |
| | | 450000 | നെൽകൃഷി വികസനം | 450000 | 0 |

**4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബി ആർ എൻ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി ഡബ്ല്യൂ ഡി ഇലക്ട്രോണിക്സ് വിഭാഗം, ആലപ്പുഴ | വിവിധ സ്ഥലങ്ങൾ മാലിന്യ മുക്തമാക്കു വാൻ സിസിടിവി ക്യാമറ സ്ഥാപിക്കൽ | 1502191/ 24.03.2023 | 340000 | 0 | 340000 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-4 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവോ വായ്പഇനത്തിൽ ലഭിച്ച തുക

തിരിച്ചടക്കാൻ ശേഷിക്കുന്നതുമില്ല (ഖണ്ഡിക നം.1-31 കാണുക). എന്നാൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്ന ഇനത്തിൽ വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും തൻവർഷം 288315/- രൂപയും വികസന ഫണ്ട് എസ്.സി.പി. വിഭാഗത്തിൽ നിന്നും 78157/- രൂപയും സോഴ്സിൽ കുറവ് ചെയ്തിട്ടുണ്ട്.

**4-5 സ്ഥിര നിക്ഷേപം**

ഇല്ല

**4-6 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 4.1.5 | 2014-15 | 4.1.5 | പേപ്പർ കപ്പ്, പ്ലേറ്റ് നിർമ്മാണ ഉപകരണങ്ങൾ വാങ്ങൽ, പേപ്പർ ബാഗ് തുണിബാഗ് യൂണിറ്റ് ഉപകരണങ്ങൾ വാങ്ങൽ, കാറ്ററിംഗ് പരിശീലന പദ്ധതി എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് പരാതി | ബഹു. കോട്ടയം വിജിലൻസ് കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുന്നു. |

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 17769799 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 14579973 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14748 |
| ഓഡിറ്റിൽ  തടസ്സപ്പെടുത്തിയ തുക | : | 340000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14748 | ശ്രീമതി ഷീജ.എ).കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 14748 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 340000 | ശ്രീമതി. ശ്രീല. ആർ, സെക്രട്ടറി |
| ആകെ | 340000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശ്രീല.ആർ സെക്രട്ടറി | സെക്രട്ടറി, മലയാഴപ്പുഴ ഗ്രാമ പഞ്ചായത്ത് | തോണ്ടലിൽ കൊല്ലകടവ് പി.ഒ ചെറിയനാട് |
| ശ്രീമതി ഷീജ.എ).കെ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആല ഗ്രാമ പഞ്ചായത്ത് | വാഴതുങ്കൽ പി.ഒ വെമ്പാലക്കര കൊല്ലം |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91 | എൽ.എഫ്.എ 8/706/98/11.09.1997 |
| 1993-94 | എൽ.എഫ്.എ 184/05/5.8.05/30.09.05 |
| 1994-95 | എൽ.എഫ്.എ 247/05/09.09.2005 |
| 1995-96 | എൽ.എഫ്.എ 248/05//09.09.05/30.09.05 |
| 2000-01 | എൽ.എഫ്.എ 8/1483/07/22.05.2008/04.06.2008 |
| 1996-97 | എൽ.എഫ്.എ 8/157/97/31.12.1999 |
| 1996-97 | എൽ.എഫ്.എ 8/395/01/03.07.2001/03.08.2001 |
| 1997-98 | എൽ.എഫ്.എ 8/395/( 1 )/01.07.2011 |
| 1998-99 | എൽ.എഫ്.എ 8/334/02/04.09.2002/08.10.2002 |
| 2000-01, 2002-03 | എൽ.എഫ്.എ 8/611/04/12.10.2004(പ്ലാൻ ഫണ്ട്) |
| 2001-02 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എ 11 /1407/15.04.2008/20.04.2008 |
| 2002-03 | എൽ.എഫ്.എ 11/1485/07/15.04.2008/20.04.2008 |
| 2003-04 | എൽ.എഫ്.എ 11/765/09/08.03.2010 |
| 2004-05 | എൽ.എഫ്.എ 11/766/09/09.04.2010 |
| 2005-06 | എൽ.എഫ്.എ 11/767/09/09.04.2010 |
| 2006-07 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2007-08 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2008-09 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2009-10 | എൽ.എഫ്.എ 5/1577/13(B) GP Adalath/22.05.2014 |
| 2010-11& 2011-12, 2012-13, 2013-14, 2014-15, 2015-16 | കെ.എസ്.എ - എ.എൽ.പി. – പി- 5/1582/2022/ 02.05.2023 (അദാലത്ത് റിപ്പോർട്ട്) |
| **2016-17** | കെ.എസ്.എ - എ.എൽ.പി -പി 5-1129/17/02.05.2018 |
| 2017-18 | കെ.എസ്.എ- എ.എൽ.പി-പി 5-1647/18/03.01.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി5-1003/2019/27.09.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി5-792/2021/24.09.2021 |
| 2020-21 | കെ.എസ്.എ.–എ.എൽ.പി-പി5-793/2021/24.09.2021 |
| 2021-22 | കെ.എസ്.എ.-എ.എൽ.പി-പി5-1124/2022/30.09.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 21-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ala Grama Panchayat for the year 2022-2023

**Date: 07/11/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Ala Grama Panchayat for the Year 2022-2023.

### 1.Major Observations

1. Ratios and Notes on Accounts as per Accounting Rules and B1Schedule are not included along with AFS
2. In the case of CFC Grant, Discrepancy noted between balance sheet schedule B-4 (2768007/-) , B 17 and RP40(b) (3838723/-) .
3.In 2022-23, an amount of rupees 3,40,000/- has been invested as advance for installation of CCTV in PWD (Electronics Department) under Project No.87/23.Since the project has not been completed yet, the amount of advance is not included in B-18 Schedule as advance to implimenting agency.

### 2.Other Observations

1.The total amount of cash flow as per cash flow statement , does not match with the difference between the opening balance and closing balances of the year.
2.DCB of property tax as per Sanchaya statement and of AFS does not match.
3.Not any action taken to adjust the amounts entered as Directly credited by bank/Directly debited by bank in the bank reconciliation statement.

4. Balance amount(B4 schedule) in the following head of accounts in the year 2022-23 is kept as the same in 2021-22, the previous Year.

| Head code | Item | Amount |
|---|---|---|
| 320700204 | Joint Venture Block Panchayat | 504164 |
| 320700205 | Joint Venture Dist. Panchayat | 272906 |
| 320800101 | Beneficiary Contribution | 56809 |

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്